# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.872

25.01.2018-ൽ മറുപടിയ്ക്ക്

## വെള്ളിനേഴി കലാഗ്രാമത്തിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം. |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ സാംസ്കാരിക. മേഖലയിലെ കലാ പ്രവർത്തനങ്ങളുടെ പ്രഭവ കേന്ദ്രമായ വെള്ളിനേഴിയിലെ വെള്ളിനേഴി കലാഗ്രാമത്തിന്റെ പ്രവർത്തനം എന്നു മുതലാണ് തുടങ്ങിയത് എന്നും നിലവിൽ പ്രസ്തുത കലാഗ്രാമത്തിന്റെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് എന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ; | (എ) വെള്ളിനേഴി കലാഗ്രാമം പദ്ധതി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ വെള്ളിനേഴിയെ ഒരു കലാഗ്രാമമായി സർക്കാർ പ്രഖ്യാപിക്കുകയും, തുടർ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയുമുണ്ടായി. ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 10/06/2015 ന് ആരംഭിക്കുകയും ചെയ്തു. ടി പദ്ധതിയ്ക്കായി 85 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പാലക്കാട് ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ വിഭാവനം ചെയ്യുകയും ആയതിന്റെ ആദ്യ ഘട്ടത്തിനായി 2 കോടി രൂപയുടെ ( 1 കോടി രൂപ വിനോദ സഞ്ചാര വകുപ്പ്, 1 കോടി രൂപ ഷൊർണ്ണൂർ എം.എൽ.എയുടെ അസംബ്ലി മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും കണ്ടെത്തി) സർക്കാർ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിക്കാൻ സാങ്കേതിക തടസ്സമുള്ളതിനാൽ സർക്കാരിലെ ടൂറിസം വകുപ്പ് 2 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുകയും നാളിതുവരെ രണ്ടു ഘട്ടങ്ങളിലായി 80 ലക്ഷം രൂപ നിർമ്മാണ ചുമതല ഏറ്റെടുത്തിരിക്കുന്ന ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് അനുവദിക്കുകയും ചെയ്യുകയുണ്ടായി. ആയതിൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കലാഗ്രാമത്തിന്റെ പ്രവർത്തികൾക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാംസ്കാരിക വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | സാംസ്കാരിക കാര്യ വകുപ്പിൽ നിന്ന് ഈ വിഷയത്തിൽ യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത കലാഗ്രാമത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കലാഗ്രാമത്തിന്റെ പ്രവർത്തനം ഔദ്യോഗികമായി പ്രഖ്യാപിക്കാനും തുടങ്ങാനും ഈ സർക്കാരും സാംസ്കാരിക വകുപ്പും എന്തു തുടർനടപടികൾ സ്വീകരിച്ചു വരുന്നു എന്നും എപ്പോൾ പൂർത്തീകരണം സാദ്ധ്യമാകും എന്നും വ്യക്തമാക്കുമോ? | (സി) | വെള്ളിനേഴി കലാഗ്രാമത്തിൽ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.. |

സെക്ഷൻ ഓഫീസർ